# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഒക്ടോബർ 30, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

മാവോയിസ്റ്റ് വേട്ട

മി. സ്പീക്കർ: അട്ടപ്പാടിയിലെ മഞ്ചിക്കണ്ടി വനത്തിൽ തണ്ടർബോൾട്ട് സേന നാല് മാവോയിസ്റ്റുകളെ കൊലചെയ്ത സംഭവത്തെത്തുടർന്ന് അവിടെ നിലനിൽക്കുന്ന ഭീകരാന്തരീക്ഷവും തീവ്രവാദികൾ ഉയർത്തുന്ന ഭീഷണിയും ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്കയുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എൻ. ജയരാജ്, സർവ്വശ്രീ എൻ. ഷംസുദ്ദീൻ, പി. ടി. തോമസ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 28-10-2019-ന് പുലർച്ചെ അഗളി പോലീസ് സ്റ്റേഷൻ പരിധിയിൽ പട്രോളിംഗ് നടത്തിക്കൊണ്ടിരുന്ന തണ്ടർബോൾട്ട് ടീമിന് നേരെ മേലെമഞ്ചിക്കണ്ടി വനത്തിലുണ്ടായിരുന്ന മാവോയിസ്റ്റുകൾ വെടിയുതിർക്കുകയും സ്വയരക്ഷയ്ക്കായി തണ്ടർബോൾട്ട് അംഗങ്ങൾ തിരികെ വെടിവയ്ക്കുകയും ചെയ്തതിനെത്തുടർന്ന് 3 മാവോയിസ്റ്റുകൾ മരണപ്പെടുകയുണ്ടായി. 29-10-2019-ന് മൃതദേഹങ്ങളുടെ ഇൻക്വസ്റ്റ് നടക്കവെ വനത്തിൽ ഒളിഞ്ഞിരുന്ന മാവോയിസ്റ്റുകൾ പോലീസും അസിസ്റ്റന്റ് കളക്ടറും ഉൾപ്പെടെയുള്ളവർക്കുനേരെ വീണ്ടും വെടിവയ്ക്കുകയും പോലീസ് തിരികെ വെടിവച്ചപ്പോൾ ഒരു മാവോയിസ്റ്റുകൂടി മരണപ്പെടുകയും ചെയ്തു. ഈ രണ്ട് സംഭവത്തിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരണപ്പെട്ടവരെ തിരിച്ചറിയുന്നതിനുള്ള നടപടി സ്വീകരിക്കുകയും രണ്ട് കേസുകളുടെയും അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. മൃതദേഹങ്ങൾ തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: കഴിഞ്ഞ രണ്ടുദിവസത്തിനുള്ളിൽ തണ്ടർബോൾട്ട് സേനയുടെ വെടിവയ്പ്പിൽ അട്ടപ്പാടിയിലെ മേലെമഞ്ചക്കണ്ടി ഊരിൽ നാലുപേരാണ് കൊല്ലപ്പെട്ടത്. ഈ സംഭവത്തെത്തുടർന്ന് അവിടത്തെ ജനങ്ങൾ ഭയാശങ്കയിലാണ്. അട്ടപ്പാടി കേന്ദ്രീകരിച്ചാണ് മാവോയിസ്റ്റുകൾ പ്രവർത്തനം നടത്തുന്നത്. അവരെ വെടിവച്ച് കൊല്ലുന്ന പോലീസ് നടപടിയിൽ വ്യാപക പ്രതിഷേധമാണുള്ളത്. നിയമങ്ങൾ പാലിക്കാതെയാണ് സർക്കാർ ഈ പ്രവർത്തനത്തിലേർപ്പെടുന്നത്. കുറ്റാരോപണമോ വിചാരണയോ ഇല്ലാതെ ആളുകളെ വെടിവച്ചുകൊല്ലുന്ന സമീപനം ശരിയല്ല. പിന്നോക്ക മേഖലകളിൽ വികസനം നടപ്പാക്കിക്കൊണ്ട് മാവോയിസ്റ്റ് ആശയങ്ങൾ പ്രതിരോധിക്കുകയും ഗവൺമെന്റ് ഈ വിഷയത്തിൽ ജാഗ്രത പാലിക്കുകയും വേണം. മാവോയിസ്റ്റ് ഏറ്റുമുട്ടലുകളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ഏത് സാഹചര്യത്തിലായാലും മനുഷ്യജീവൻ നഷ്ടപ്പെടുന്നത് ദുഃഖകരമാണ്. മാവോയിസ്റ്റുകൾക്കെതിരെയുള്ള നടപടികൾ വളരെമുമ്പുതന്നെ ആരംഭിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ

പശ്ചിമഘട്ടം കേന്ദ്രീകരിച്ചുകൊണ്ട് ഇവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനുള്ള ശ്രമമാണ് നടത്തിവന്നത്. ഇത് തടയുന്നതിന് 223 കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡും 177 തണ്ടർബോൾട്ട് കമാൻഡോകളും പ്രവർത്തിച്ചുവരികയാണ്. ലോക്കൽ പോലീസ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ തുടങ്ങിയ സേനാംഗങ്ങൾ ചേർന്ന് ലുക്കൗട്ട് നോട്ടീസുകൾ പുറപ്പെടുവിച്ചും ഭീഷണിയുള്ള സ്ഥലങ്ങളിൽ പ്രത്യേക സുരക്ഷാ മുൻകരുതൽ നടപടികൾ സ്വീകരിച്ചുമാണ് ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവന്നിരുന്നത്. കേരളത്തിനുപുറത്ത് പരിശീലനം സിദ്ധിച്ച മാവോയിസ്റ്റുകൾ, സംസ്ഥാനത്തെ ജനാധിപത്യ സംസ്കാരത്തെയും മെച്ചപ്പെട്ട ക്രമസമാധാനനിലയെയും തകർക്കുന്ന പ്രവർത്തനങ്ങളാണ് നടത്താൻ ശ്രമിക്കുന്നത്. ഈ മേഖലയിൽ തണ്ടർബോൾട്ടും പോലീസ് പരിശീലനം സിദ്ധിച്ച വിഭാഗങ്ങളും റോന്ത് ചുറ്റുന്നുണ്ട്. ഇവരെ സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി സർക്കാർ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതും കർശന നിലപാട് സ്വീകരിക്കുന്നതുമാണ്. അട്ടപ്പാടിയിലെ മാവോയിസ്റ്റ് സാന്നിദ്ധ്യ മേഖലകളിൽ വളരെയധികം

വികസനപ്രവർത്തനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. ഇതരസംസ്ഥാനങ്ങളിൽനിന്നും ഇവിടെവന്ന് ഭീകരപ്രവർത്തനം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഏറ്റുമുട്ടലിൽ മനുഷ്യജീവൻ നഷ്ടപ്പെട്ടത് അത്യന്തം നിർഭാഗ്യകരമാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്താൻ സർക്കാർ സന്നദ്ധമാകും. ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഇക്കാര്യത്തിൽ മജിസ്റ്റീരിയൽ അന്വേഷണം നടത്തി തീരുമാനമെടുക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അട്ടപ്പാടിയിലടക്കം ഏഴ് മാവോയിസ്റ്റുകൾ അടുത്തകാലത്ത് വെടിയേറ്റ് മരിച്ച സംഭവത്തിൽ ദുരൂഹത നിലനിൽക്കുകയാണ്. കുറ്റംചെയ്ത മാവോയിസ്റ്റുകളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുപകരം വെടിവച്ചുകൊല്ലുന്ന നിലപാടിനോട് യോജിക്കാനാവില്ല. മാവോയിസ്റ്റുകളെ ജാഗരൂകമായി വീക്ഷിക്കേണ്ടത് ആവശ്യമാണ്. ഫോറസ്റ്റ് വാച്ച്മാൻ തസ്തികയിലേയ്ക്ക് ആദിവാസികളിൽനിന്ന്

700 പേരെ റിക്രൂട്ട് ചെയ്തുകൊണ്ടും തണ്ടർബോൾട്ട് സംഘം രൂപീകരിച്ചുകൊണ്ടും മാവോയിസ്റ്റുകളുടെ കടന്നുകയറ്റവും സ്വാധീനവും തടയുന്നതിനും മാവോയിസ്റ്റ് സിദ്ധാന്തങ്ങളിൽനിന്നും യുവതലമുറയെ പിന്തിരിപ്പിക്കുന്നതിനും പിടിക്കപ്പെട്ട മാവോയിസ്റ്റുകളെ നിയമത്തിനുമുൻപിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികളാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ നടന്ന സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി സംസ്ഥാനത്ത് ക്രമസമാധാനം നിലനിർത്തുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

## II ശ്രദ്ധക്ഷണിക്കൽ

### (1) പി.എസ്.സി.യുടെ വിശ്വാസ്യത

ശ്രീ. പി. ഉബൈദുള്ള: കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് വിഭാഗം പരീക്ഷാ ക്രമക്കേടുകൾ കണ്ടെത്തിയത് പി.എസ്.സി.-യുടെ വിശ്വാസ്യതയെ തകർത്തിരിക്കുകയാണ്. അർഹരായവരെ പിന്നിലാക്കി ക്രമക്കേടിലൂടെ റാങ്ക് പട്ടികയിൽ മുന്നിലെത്തുന്നവരെ സംരക്ഷിക്കാൻ പാടില്ല. പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ അനർഹർ കടന്നുകൂടിയത് സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തി കുറ്റക്കാരെ

ശിക്ഷിക്കുന്നതിനും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യത നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 116000-ൽപ്പരം നിയമനങ്ങൾ നടത്താനും 22000-ൽപ്പരം തസ്തികകൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്ത് നിയമനങ്ങൾ ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെയുള്ള കാലയളവിൽ 3347 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങൾ പെരുപ്പിച്ച് കാണിക്കുന്നത് പി.എസ്.സി.-യെക്കുറിച്ച് പൊതുജനങ്ങളിൽ അവമതിപ്പുണ്ടാക്കാനും യുവാക്കളിൽ ആശങ്കയുളവാക്കാനും കാരണമാകും. കാസർഗോഡ് ജില്ലയിലെ കേരള ആംഡ് പോലീസ് ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിലെ ക്രമക്കേട് ക്രൈംബ്രാഞ്ച് അന്വേഷിച്ച് ആരോപണവിധേയരെ കസ്റ്റഡിയിലെടുത്ത് ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചുവരികയാണ്. പ്രസ്തുത കേസ്സന്വേഷണം സി.ബി.ഐ.-ക്ക് കൈമാറണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിയിന്മേൽ

ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) <u>ദേശീയപാതയിലെ പ്രവൃത്തികൾ</u>

ചീഫ് വിപ്പ് (<u>ശ്രീ. കെ. രാജൻ</u>): ദേശീയപാതയിൽ മണ്ണുത്തി മുതൽ വടക്കഞ്ചേരി വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചതിനുശേഷം ദേശീയപാത അതോറിറ്റി കെ.എം.സി. കമ്പനിയുമായി ഏർപ്പെട്ട കരാർ പ്രകാരം 30 മാസം കൊണ്ട് ദേശീയപാത തുരങ്കം ഉൾപ്പെടെ പൂർത്തീകരിക്കുമെന്ന ധാരണയാണുണ്ടായിരുന്നത്. നിലവിൽ പ്രസ്തുത പാത പൊട്ടിപ്പൊളിഞ്ഞ് ഗുരുതരാവസ്ഥയിലാണ്. കരാർ പാലിക്കാത്ത കമ്പനിക്ക് എൻ.ഡി.എ.-യു.പി.എ. ഗവൺമെന്റുകൾ വീണ്ടും പ്രവർത്തനാനുമതി നൽകിയെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല. കമ്പനി ഇപ്പോൾ കടത്തിലാണ്. ദേശീയപാത അതോറിറ്റിയും കേന്ദ്രഗവൺമെന്റും കുറ്റകരമായ അനാസ്ഥയാണ് ഇക്കാര്യത്തിൽ കാണിക്കുന്നത്. മണ്ണുത്തി ദേശീയപാതയുടെയും തുരങ്കങ്ങളുടെയും പണി എത്രയും വേഗത്തിൽ

പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പത്തുവർഷം മുമ്പാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എക്സ്പ്രസ് വേ ലിമിറ്റഡ് എന്ന കമ്പനിക്ക് ഈ കരാർ നൽകിയത്. റോഡിന്റെ ഡിസൈനും നിർമ്മാണവും സാമ്പത്തിക ഓപ്പറേഷനും മെയിന്റനൻസുമെല്ലാം കമ്പനി നടത്തണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന ഒരു പ്രത്യേക എഗ്രിമെന്റാണിത്. പ്രസ്തുത എഗ്രിമെന്റ് പ്രകാരം വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള ദേശീയപാതയിലെ രണ്ട് തുരങ്കങ്ങൾ ഉൾപ്പെടെയുള്ള 30 കിലോമീറ്ററാണ് നിർമ്മിക്കേണ്ടത്. ഈ പദ്ധതി 6.04.2013-ൽ പൂർത്തീകരിക്കണമെന്ന തീരുമാനം ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ലെങ്കിലും ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ വേണ്ട രീതിയിൽ ഇടപെടുന്നില്ല. 2010-2011-ൽ സംസ്ഥാനത്ത് നിർമ്മാണത്തിനുണ്ടായിരുന്ന വിലക്കും പ്രദേശവാസികളുടെയും ആക്ഷൻ ഫോറത്തിന്റെയും എതിർപ്പും ബി.ഒ.ടി. പദ്ധതിക്കെതിരെയുള്ള പ്രക്ഷോഭവും കാരണമാണ് കേന്ദ്രസർക്കാർ നിർമ്മാണ കാലാവധി വീണ്ടും നീട്ടിക്കൊടുത്തത്. ആവശ്യമുള്ള 1.44 ഹെക്ടർ വനഭൂമി വിട്ടുകൊടുക്കാനുള്ള നിലപാട് കേന്ദ്ര വനം വകുപ്പ് സ്വീകരിച്ചിട്ടില്ല. നിർമ്മാണ

കമ്പനി ഇപ്പോൾ നിരവധി പ്രശ്നങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കമ്പനിക്ക് റോഡിന്റെ മെയിന്റനൻസ് നടത്തേണ്ട ഉത്തരവാദിത്വമുണ്ട്. റിപ്പെയർ ആന്റ് മെയിന്റനൻസിനുള്ള രണ്ട് കോടി രൂപയുടെ ടെണ്ടർ ആരും ഏറ്റെടുക്കാത്തതുകൊണ്ട് എമർജൻസി ടെണ്ടർ വിളിച്ചിരിക്കുകയാണ്. എൻ.എച്ച്.എ.ഐ.-യുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ പുതിയ ഏജൻസിയെക്കൊണ്ട് നിർവ്വഹിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ദേശീയപാതാ വികസനത്തിനായി ഏകകണ്ഠമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഒരു ഉന്നതതല യോഗം വിളിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതാണ്. 95 ശതമാനം പണി പൂർത്തീകരിച്ച കുതിരാനിലെ ഒരു തുരങ്കമെങ്കിലും ഗതാഗതത്തിനായി തുറന്നുകൊടുക്കുന്നതിന് എൻ.എച്ച്.എ.ഐ. അധികൃതരുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്.

## III സബ്മിഷൻ

### (1) അപകട മരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടന്ന സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിനിടയിൽ

വോളന്റിയറായിരുന്ന അഭീൽ ജോൺസൺ ഹാമർ തലയിൽ വീണ് മരണപ്പെട്ട സംഭവം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. മാണി സി. കാപ്പൻ: സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിലുണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ജാവലിൻ ത്രോ, ഡിസ്കസ് ത്രോ, ഹാമർ ത്രോ എന്നിവ മൂന്ന് ദിവസങ്ങളിലായി നടത്തുന്നതിന് നിർദ്ദേശം നൽകുകയും സ്പോർട്സിന് അനുവദിക്കുന്ന ഫണ്ട് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടന്ന അറുപത്തിമൂന്നാമത് സംസ്ഥാന ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഹാമർ തലയിൽ വീണ് മരണപ്പെട്ട അഭീൽ ജോൺസണിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ ആശ്വാസസഹായം അനുവദിക്കുകയുണ്ടായി. അപകടം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് കായിക വകുപ്പ് ചുമതലപ്പെടുത്തിയ മൂന്നംഗ സമിതിയുടെ റിപ്പോർട്ട് വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്കൂൾ മീറ്റുകൾ, ജില്ലാതല മത്സരങ്ങൾ എന്നിവയ്ക്ക് കായിക

യുവജനകാര്യാലയത്തിന്റെയോ സംസ്ഥാന സ്പോർട്സ് വകുപ്പിന്റെയോ സീനിയർ കോച്ചിനെ നിരീക്ഷകനായി നിയമിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ കായിക മേളകളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് മുൻകരുതലുകൾ സ്വീകരിക്കണമെന്നും മേളകൾ നടത്തുന്നത് ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടിയുടെ പിതാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ പാലാ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ഐ.പി.സി. 304 എ വകുപ്പ് ഉൾപ്പെടുത്തി അന്വേഷണം നടത്തിവരികയാണ്. പാലാ നഗരസഭയുടെ അനുമതിയില്ലാതെയാണ് മത്സരം സംഘടിപ്പിച്ചതെന്ന ആക്ഷേപം പരിശോധിക്കുന്നതും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

(2) സെമി ഹൈസ്പീഡ് റെയിൽവേ

ശ്രീ. പി. ടി. തോമസ്: തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽവേ പദ്ധതി സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം മുതൽ

കാസർഗോഡ് വരെ 532 കിലോമീറ്റർ ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽപ്പാതയ്ക്കുള്ള സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കാസർഗോഡ് മുതൽ തിരൂർ വരെയുള്ള 222 കിലോമീറ്റർ പാത നിലവിലുള്ള റെയിൽപ്പാതയ്ക്ക് സമാന്തരമായിട്ടാണ് കടന്നുപോകുന്നത്. പദ്ധതിയുടെ ഡി.പി.ആർ. പഠനം പുരോഗമിക്കുകയും പാതയുടെ അലൈൻമെന്റ് നിർണ്ണയിക്കുന്നതിന് ലിഡാർ സർവ്വേ നടത്താനുള്ള പ്രാഥമിക നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഡി.പി.ആർ.-ന്റെ രൂപരേഖ തയ്യാറാകുന്നതോടെ മാത്രമേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പൂർണ്ണചിത്രം ലഭിക്കുകയുള്ളൂ. കുടിയൊഴിപ്പിക്കൽ പരമാവധി കുറയ്ക്കാനും ജനങ്ങളുടെ ആശങ്ക പരിഹരിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഭൂമി ഏറ്റെടുക്കൽ

ശ്രീ. എൻ. വിജയൻ പിള്ള: കെ.എം.എം.എൽ.-ന്റെ പ്രവർത്തനംമൂലം മലിനീകൃതമായ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കെ.എം.എം.എൽ.-ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചിറ്റൂരിലെ പ്രദേശവാസികൾ നടത്തുന്ന സമരം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കെ.എം.എം.എൽ.-ന്റെ പ്രവർത്തനംമൂലം മലിനീകരണ പ്രശ്നങ്ങൾ ആരോപിക്കപ്പെടുന്ന 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 200 കോടി രൂപ അടിയന്തരമായി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് ഭൂമിയേറ്റെടുത്ത് പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) സ്ഥലം ഏറ്റെടുക്കൽ

ശ്രീ. സി. മമ്മൂട്ടി: തിരൂർ താഴേപാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമേറ്റെടുത്ത് പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മലപ്പുറം തിരൂർ താലൂക്കിൽ താഴേപ്പാലത്തിന്റെ അപ്രോച്ച് റോഡിനായി 0.0250 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവാകുകയും ഭൂവുടമകളുമായി നെഗോസിയേഷൻ നടത്തുന്നതിന് ജില്ലാതല വിലനിർണ്ണയ സമിതി രൂപീകരിക്കുകയും സെന്റ് ഒന്നിന് 10.30 ലക്ഷം രൂപ ഉഭയസമ്മത പ്രകാരം വില നിശ്ചയിക്കുകയും സമിതിയുടെ ശിപാർശ ചീഫ് സെക്രട്ടറി അധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും

ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ആധാരം അർത്ഥനാധികാരിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(5) കടൽഭിത്തി

ശ്രീ. ആർ. രാമചന്ദ്രൻ: തീരദേശ പഞ്ചായത്തായ ആലപ്പാട്ട് കടൽഭിത്തി നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ കരുനാഗപ്പള്ളി, ആലപ്പാട് പഞ്ചായത്തുകളുടെ പലഭാഗങ്ങളിലും കടൽഭിത്തി തകർന്നതിനാൽ വെള്ളാനത്തുരുത്ത് എന്ന സ്ഥലത്ത് ജലസേചന വകുപ്പ് ഐ.ആർ.ഇ.-യുടെ ഫണ്ടുപയോഗിച്ച് നാല് പുലിമുട്ടുകൾ നിർമ്മിച്ചുവരുന്നുണ്ട്. കടൽഭിത്തി പൂർണ്ണമായും തകർന്ന ചിറയിൻകീഴ്, പണ്ടാരത്തുരുത്ത് എന്നിവിടങ്ങളിൽ തീരസംരക്ഷണത്തിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമായി 363 ലക്ഷം രൂപയുടെ നാല് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## (6) പാർശ്വഭിത്തി നിർമ്മാണം

ശ്രീ. അബ്ദുൽ ഹമീദ് പി.: വള്ളിക്കുന്നിലെ അരിയല്ലൂർ ബീച്ചിൽ കടൽ സുരക്ഷാഭിത്തി നിർമ്മാണം നിരോധിച്ചുകൊണ്ടുള്ള ജലവിഭവ വകുപ്പിന്റെ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും ടിപ്പുസുൽത്താൻ റോഡിന്റെ പാർശ്വഭിത്തി അടിയന്തരമായി നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): വനം-വന്യജീവി സംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള കടലാമകളുടെ സ്വാഭാവിക ആവാസ-പ്രജനന വ്യവസ്ഥയെ ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത കടൽ സുരക്ഷാഭിത്തി നിർമ്മാണത്തിനെതിരെ കേരള ശാസ്ത്ര സാഹിത്യപരിഷത്ത് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ വിധിപ്രകാരം പരാതിക്കാരുമായും പഞ്ചായത്ത്, ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥരുമായും ചീഫ് സെക്രട്ടറി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് മുതിയം ബീച്ചിലെ 217 മീറ്റർ ദൂരത്തിൽ കടൽഭിത്തി നിർമ്മിക്കരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവുപ്രകാരം തുടർനടപടി സ്വീകരിക്കാൻ സാധിക്കില്ല. ടിപ്പുസുൽത്താൻ റോഡിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹിക്കേണ്ടത്.

തീരദേശവാസികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നിലവിലുള്ള വസ്തുത പരിശോധിച്ച് ആവശ്യമുള്ളപക്ഷം ചീഫ് സെക്രട്ടറി തലത്തിൽ യോഗം ചേർന്ന് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(7) വാറ്റ് കുടിശ്ശിക

ശ്രീ. കെ. സി. ജോസഫ്: വാറ്റ് നിലവിൽ വന്നതുമുതലുള്ള കുടിശ്ശിക അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചെറുകിട വ്യാപാരികൾക്ക് നൽകിയിരിക്കുന്ന നോട്ടീസ് പിൻവലിച്ച് അവരെ നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വാറ്റ് നിയമപ്രകാരം വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകൾ സ്ക്രൂട്ടിനി മോഡ്യൂൾ മുഖേന പരിശോധിച്ചശേഷം പ്രീ-അസസ്മെന്റ് നോട്ടീസ് അയയ്ക്കുകയും വിശദീകരണം നൽകുന്നതിന് അവസരം നൽകുകയും മറുപടി തൃപ്തികരമല്ലെങ്കിൽ നടപടി സ്വീകരിക്കുകയും ചെയ്യും. ഇപ്പോൾ അയച്ചിട്ടുള്ളത് പ്രാഥമിക നോട്ടീസാണ്. സ്ക്രൂട്ടിനി മോഡ്യൂളിൽ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ളതിനാൽ പരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുമാത്രമേ നോട്ടീസുകൾ അയയ്ക്കാവൂവെന്ന് സർക്കുലർ നൽകിയിരുന്നുവെങ്കിലും അതിന് വിരുദ്ധമായി ചെയ്യുകയാണുണ്ടായത്. ഡാറ്റാ എൻട്രിയിലും ഡിസൈനിലും പോരായ്മകളുണ്ടെന്ന് മനസ്സിലായതിന്റെ

അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചർച്ച നടത്തിയിരുന്നു. ഇവ സ്റ്റാറ്റ്യൂട്ടറി നോട്ടീസ് ആയതിനാൽ നിയമവകുപ്പുമായി ചർച്ച ചെയ്ത് സഹായകരമായ സമീപനം കൈക്കൊള്ളുന്നതും വ്യാപാരി സംഘടനകളുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

(8) <u>ക്ഷേമനിധി പ്രവർത്തനം</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ മുഴുവൻ കലാകാരന്മാർക്കും അംഗത്വം നൽകുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കാലതാമസം കൂടാതെ പെൻഷൻ ലഭ്യമാക്കുന്നുണ്ട്. പെൻഷൻ ലഭിക്കുന്നതിൽ നേരിട്ട ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും മൂലധനം 15 കോടി രൂപയാക്കി

ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. പെൻഷൻ-കുടുംബ പെൻഷൻ തുകകളും ചികിത്സാധനസഹായവും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## (9) പാലം പുനർനിർമ്മാണം

ശ്രീ. എം. സ്വരാജ്: പാലാരിവട്ടം പാലം നിർമ്മാണ അഴിമതിയിൽ പങ്കാളികളായവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും പാലത്തിന്റെ പുനർനിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പാലാരിവട്ടം പാലം അഴിമതി സംബന്ധിച്ച് സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും അന്നത്തെ പൊതുമരാമത്ത് സെക്രട്ടറിയടക്കം ഉന്നത ഉദ്യോഗസ്ഥരെ പ്രതികളാക്കി വിജിലൻസ് കേസെടുക്കുകയും ഏതാനും പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായിട്ടുണ്ട്. പാലത്തിന്റെ തകരാർ സംബന്ധിച്ച് പരിശോധന നടത്തിയ ചെന്നൈ ഐ.ഐ.ടി. പാലത്തിന്റെ ഡിസൈനിൽ പാളിച്ചയുണ്ടെന്നും താൽക്കാലിക പരിഹാരമുണ്ടാക്കിയാലും പത്തുവർഷമേ ആയുസുണ്ടാകുകയുള്ളൂവെന്നും അറിയിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിദഗ്ദ്ധനായ ശ്രീ. ഇ. ശ്രീധരൻ സമർപ്പിച്ച

റിപ്പോർട്ടിൽ സൂപ്പർ സ്ട്രക്ച്ചർ മാറ്റിപ്പണിയണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ പാലത്തിന് നൂറു വർഷത്തെ ഗ്യാരന്റി അദ്ദേഹം ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് തീരുമാനപ്രകാരം നിർമ്മാണച്ചുമതല ഡി.എം.ആർ.സി.യെ ഏൽപ്പിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷം കൊണ്ട് പാലം പണി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (10) സാമ്പത്തിക സഹായം

ശ്രീ. എം. രാജഗോപാലൻ: ഉത്തര മലബാറിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഉത്തരമലബാറിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായം അടുത്ത മാസം മുതൽ 1200 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പ്രസ്തുത ധനസഹായം 1500 രൂപയാക്കി വർദ്ധിപ്പിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VI ക്രമപ്രശ്നം

ബില്ലുകൾ യഥാസമയം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. വി. ടി. ബൽറാം: നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76 അനുസരിച്ച് പ്രമേയം അവതരിപ്പിക്കുന്നതിന് മൂന്ന് പൂർണ്ണദിവസങ്ങൾക്ക് മുമ്പ് ബില്ലിന്റെ പ്രതികൾ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുഖ്യമന്ത്രി അവതരിപ്പിച്ച

ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് ലഭിച്ചത് ഇന്നലെയാണ്. ഇത്തരത്തിൽ അംഗങ്ങളുടെ അവകാശത്തെ ഹനിക്കുന്ന നടപടിക്കെതിരെ ചെയർ റൂൾ ചെയ്യുകയും ബിൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കുകയും ചെയ്ത കീഴ്വഴക്കം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസിലെ അതേ വ്യവസ്ഥകളാണ് ഈ ബില്ലിലുമുള്ളത്. ബിൽ പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചെലവ് വരുമെന്നതിനാൽ ബിൽ സഭ പരിഗണിക്കുന്നതിന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശിപാർശ ആവശ്യമായിവന്നു. ഇപ്രകാരം ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ബിൽ സർക്കുലേറ്റ് ചെയ്തതിൽ കാലതാമസമുണ്ടായി. ഭാവിയിൽ ഭരണപരമായ കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബിൽ അവതരിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ മൂന്ന് പൂർണ്ണദിവസങ്ങൾക്ക് മുമ്പ് അംഗങ്ങൾക്ക് ലഭ്യമാക്കിയില്ലെന്നുള്ളതാണ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇന്ന് പരിഗണിക്കേണ്ട ബില്ലിന്റെ പ്രതികൾ

28-10-2019-നാണ് സർക്കുലേറ്റ് ചെയ്യാൻ കഴിഞ്ഞത്. നടപടിക്രമം പൂർത്തീകരിച്ച് ബിൽ തയ്യാറാക്കി നിയമസഭയിൽ യഥാസമയം എത്തിക്കുന്ന കാര്യത്തിൽ സംഭവിച്ച കാലതാമസം മന:പൂർവ്വമായിരുന്നില്ലെന്ന് മുഖ്യമന്ത്രി വിശദീകരിച്ച സാഹചര്യത്തിൽ ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകുന്നു. സഭയുടെ പരിഗണനയ്ക്കായി വരേണ്ട മറ്റ് ബില്ലുകൾ ഇത്തരത്തിൽ കാലതാമസം വരുത്താതെതന്നെ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പ്രവാസി നിക്ഷേപങ്ങൾ നാടിന്റെ വികസന പ്രവർത്തനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. ഈ പദ്ധതി നടത്തിപ്പിനാണ് വകുപ്പിലെ 8-ാം വകുപ്പിനുശേഷം 8(എ) വകുപ്പ് കൂട്ടിച്ചേർത്തിട്ടുള്ളത്. നിക്ഷേപ

സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനംവരെ മാസവരുമാനം ഉറപ്പാക്കുന്ന എന്നുള്ളതാണ് ഈ പദ്ധതിയുടെ സവിശേഷത. 3 ലക്ഷം മുതൽ 51 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽനിന്നും സ്വീകരിച്ച് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യ വികസനത്തിന് വിനിയോഗിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഏജൻസി കിഫ്ബി ആണ്. കേരള പ്രവാസി ക്ഷേമനിധി ബോർഡ് നിക്ഷേപങ്ങൾ സ്വീകരിച്ച് കിഫ്ബിക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് കിഫ്ബി നൽകുന്ന വിഹിതവും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് നിക്ഷേപകർക്ക് 10 ശതമാനം പ്രതിമാസ ഡിവിഡന്റ് നൽകുന്നത്. ആദ്യവർഷങ്ങളിലെ 10 ശതമാനം നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും തുടർന്ന് പങ്കാളിക്കും ലഭിക്കുന്നത്. ജീവിത പങ്കാളികളുടെ കാലശേഷം നിക്ഷേപത്തുകയും ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റും അനന്തരാവകാശികൾക്ക് കൈമാറുന്നതോടെ പ്രതിമാസം ഡിവിഡന്റ് നൽകുന്നത് അവസാനിക്കും. നിക്ഷേപകനും കേരള സംസ്ഥാനത്തിനും ഒരുപോലെ ഗുണം ലഭിക്കുന്നതാണ് ഈ പദ്ധതി. ഇത് നാടിന്റെ വികസനത്തിന് ആക്കംകൂട്ടുന്നതോടൊപ്പം സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുകയും ചെയ്യും. പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് കേരള പ്രവാസി

കേരളീയ ക്ഷേമ ബോർഡിന് കമ്പനികൾ, സഹകരണ സംഘങ്ങൾ, സൊസൈറ്റികൾ മുതലായവ രൂപീകരിക്കുന്നതിനും പ്രൊമോട്ട് ചെയ്യുന്നതിനും സാധ്യമാകുന്നതിനാണ് ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: I move that-

" This House resolves to disapprove The Non-Resident Keralites' Welfare (Amendment) Ordinance, 2019 (Ordinance No. 25 of 2019)."

പ്രവാസികളിൽ നിന്ന് തുക സ്വരൂപിച്ച് ഏകദേശം 10 ശതമാനം ഡിവിഡന്റ് കൊടുക്കാനുള്ള മൂലനിയമത്തിലുള്ള തീരുമാനത്തെ ഭേദഗതി ചെയ്ത് ഒരു ശതമാനമായി നിജപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. കോടാനുകോടി രൂപയുടെ നിക്ഷേപം നൽകുന്ന പ്രവാസികൾക്കുവേണ്ടിയുള്ള പദ്ധതികളിൽ അവരെ ദ്രോഹിക്കുന്ന വ്യവസ്ഥ ചേർക്കാനാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് ശ്രമിക്കുന്നത്. 10% പ്രതിമാസ ഡിവിഡന്റ് ഉറപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. പ്രവാസികളുടെ ക്ഷേമം വേണ്ട രീതിയിൽ ഉൾക്കൊള്ളാനോ അവരെ സഹായിക്കാനോ ഈ പദ്ധതിക്ക് കഴിയുന്നില്ല. അവരുടെ ഉന്നമനത്തിനുവേണ്ടി ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ശ്രീ. എം. ഉമ്മർ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. വിഭവസമാഹരണത്തിനുവേണ്ടി കിഫ്ബി മുഖേന ഒരു ശ്രമം നടത്തുന്നതിനപ്പുറം

പ്രവാസികൾക്ക് ഒരു ക്ഷേമവും ഈ ബിൽ മുഖേന ലഭിക്കുകയില്ല. പ്രവാസി ക്ഷേമനിധി നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിനെക്കുറിച്ചും നിക്ഷേപത്തുക ഉപയോഗപ്പെടുത്തുന്നതിനെ സംബന്ധിച്ചും ബില്ലിൽ പരാമർശിക്കുന്നില്ല. ആദ്യ മൂന്നുവർഷങ്ങളിൽ നിക്ഷേപങ്ങൾക്ക് ഡിവിഡന്റ് നൽകുന്നതിനും അടിയന്തരഘട്ടങ്ങളിൽ നിക്ഷേപങ്ങൾ പിൻവലിക്കുന്നതിനും വായ്പകൾക്ക് ജാമ്യമായോ മറ്റുവിധത്തിലുള്ള സെക്യൂരിറ്റിയായോ പ്രവാസി നിക്ഷേപങ്ങൾ ഉപയോഗിക്കാൻ വ്യവസ്ഥയില്ലാത്തതും ബില്ലിന്റെ പോരായ്മയാണ്. ക്ഷേമ ബോർഡിന്റെ ഭരണപരമായ എല്ലാ ചെലവുകൾക്കും ഗ്രാന്റ് നൽകുന്നത് സർക്കാരിന് അധികച്ചെലവ് വരുത്തുന്നതാണ്. കിഫ്ബി നടത്തുന്ന പ്രോജക്ടുകളിൽനിന്നുള്ള ലാഭവിഹിതത്തിൽനിന്ന് ഡിവിഡന്റ് നൽകാമെന്നുള്ള നടക്കാത്ത വാഗ്ദാനമല്ലാതെ പ്രവാസി ക്ഷേമത്തിനും മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും പ്രയോജനപ്രദമാകുന്ന യാതൊരു കാര്യവും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 13-04-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിന്റെ ഡ്രാഫ്റ്റിംഗ് സമയത്തുണ്ടായ അവധാനതക്കുറവുകൊണ്ടാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവരേണ്ടിവന്നത്. നിയമനിർമ്മാണം കുറ്റമറ്റതല്ലെങ്കിൽ ഗവൺമെന്റ് പദ്ധതികളിൽ പണം നിക്ഷേപിക്കാൻ പ്രവാസികൾ തയ്യാറാകില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ക്രയവിക്രയങ്ങൾക്കായി പ്രതിവർഷം ഒന്നര ലക്ഷം കോടി രൂപയുടെ വിഹിതം ലഭ്യമാക്കുന്ന പ്രവാസികളുടെ ക്ഷേമ പദ്ധതികൾക്ക് സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തണം. നിലവിലുള്ള പ്രവാസി വെൽഫെയർ ഫണ്ടും പെൻഷനും കാലോചിതമായി പരിഷ്കരിക്കണം. ഉത്സവ സീസണുകളിൽ വിമാന ടിക്കറ്റ് നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനെതിരെ നിയമനിർമ്മാണം നടത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന 'എയർ കേരള പദ്ധതി' പ്രാവർത്തികമാക്കാനും നോർക്കയുടെ ഓഫീസുകൾ എല്ലാ വിദേശ രാജ്യങ്ങളിലും സ്ഥാപിക്കാനും കഴിയണം. സൗദി അറേബ്യയിൽ അക്കൗണ്ടിംഗ് മേഖലയിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് പ്രൈവറ്റ് കോളേജുകളിൽ പഠിച്ചെന്ന കാരണത്താൽ ജോലി നഷ്ടപ്പെടുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകണം. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണംമൂലം ജോലി നഷ്ടപ്പെടുന്ന പ്രവാസികളെ പുനരധിവസിപ്പിക്കാനും പ്രവാസി സംരംഭങ്ങൾക്ക് നോർക്ക വഴി ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. ആർ. രാമചന്ദ്രനുവേണ്ടി <u>ശ്രീ. ഇ. ടി ടൈസൺ മാസ്റ്റർ</u>: 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രവാസി ലോകം പ്രതീക്ഷയോടെ കാത്തിരിക്കുന്ന നിയമഭേദഗതി പാസ്സാകുന്നതോടുകൂടി കമ്മീഷന്റെ ഭരണപരമായ തടസ്സങ്ങൾ നീങ്ങുകയും പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാകുകയും ചെയ്യും. രാജ്യത്താദ്യമായി പ്രവാസി ക്ഷേമ വകുപ്പ് ആരംഭിച്ചത് ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്താണ്. കേരളത്തിലെ ഉല്പന്നങ്ങൾ വിദേശവിപണിയിൽ എത്തിക്കുന്നതിലും ആരോഗ്യ-ടൂറിസം-വിദ്യാഭ്യാസ മേഖലകളെ വിദേശ രാജ്യങ്ങൾക്ക് പരിചയപ്പെടുത്തുന്നതിലും പ്രവാസി മലയാളി സമൂഹം പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണംമൂലം ജോലി നഷ്ടപ്പെടുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് സമഗ്രപരിപാടിക്ക് തുടക്കം കുറിക്കുന്ന നടപടി സ്വാഗതാർഹമാണ്. കേന്ദ്രസർക്കാർ പ്രവാസികളുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കാത്തത് പ്രതിഷേധാർഹമാണ്. പ്രവാസികൾക്കായി ചികിത്സാ ധനസഹായം, മരണാനന്തരസഹായം തുടങ്ങിയ നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുകയും ആയിരക്കണക്കിന് പ്രവാസികൾക്ക് അതിന്റെ ഗുണം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്നതിൽ പ്രധാന പങ്ക് വഹിച്ച പ്രവാസികളോട് നീതികാണിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് വസ്തുതയാണ്. പ്രവാസികളുടെ പുനരധിവാസ പദ്ധതി നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്തുകയും 10 ശതമാനം വാർഷിക നിരക്കിൽ ഡിവിഡന്റ് ഉറപ്പാക്കുകയും ചെയ്യും. പ്രവാസികൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും കുടുംബത്തിന്റെ സുരക്ഷയാണ് പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞ് ഡിവിഡന്റ് നൽകേണ്ട സമയത്ത് പണം വകയിരുത്തിയാൽ മതിയെങ്കിലും തുടക്കമെന്ന നിലയിൽ 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എത്രയുംവേഗം നിക്ഷേപ പദ്ധതി ഉദ്ഘാടനം ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ വളർച്ചയിൽ പ്രവാസികളുടെ അറിവും വിവിധ മേഖലകളിലുള്ള വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്തണം. പദ്ധതിയുടെ ഭദ്രമായ നടത്തിപ്പിന് തുക കിഫ്ബിയിലേയ്ക്ക് മാറ്റുകയും അടിസ്ഥാനസൗകര്യ വികസനത്തിന് ഉപയോഗിക്കുകയും ചെയ്യും. സ്വകാര്യ കോളേജുകളുടെ സർട്ടിഫിക്കറ്റ് വിദേശത്ത് അംഗീകരിക്കാത്ത പ്രശ്നം കേന്ദ്രസർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തുകയും വിദേശത്ത് നിയമനടപടികൾ നേരിടുന്ന പ്രവാസികൾക്ക് നിയമസഹായം ലഭിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും 'സാന്ത്വന' പദ്ധതിക്കുവേണ്ടി 25 കോടി രൂപ ചെലവഴിക്കുകയും പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ ബാങ്കുകളെ ബന്ധപ്പെടുത്തി വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. സീസണനുസരിച്ച് യാത്രാ ചാർജ്ജ് വർദ്ധിപ്പിക്കുന്ന കേന്ദ്രനയത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. പ്രവാസികൾക്ക് നൽകുന്ന പെൻഷൻതുക വർദ്ധിപ്പിക്കാൻ സമയോചിതമായി നിലപാട് സ്വീകരിക്കും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സണ്ണി ജോസഫ്: I move that-

" This House resolves to disapprove The Kerala Municipality (Amendment) Ordinance, 2019 (Ordinance No.28 of 2019). "

സംസ്ഥാനം ഇന്ന് നേരിടുന്ന പ്രധാനപ്രശ്നമാണ് മാലിന്യസംസ്കരണം.

മാലിന്യം ശേഖരിച്ച് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കുന്ന സംവിധാനമുണ്ടായിരുന്നെങ്കിലും കർണ്ണാടകം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ മാലിന്യം സ്വീകരിക്കാത്ത സ്ഥിതിയാണുണ്ടായത്. കേരളത്തിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിച്ചെങ്കിലും ജനങ്ങളുടെ എതിർപ്പുകാരണം അവയിൽ പലതും പ്രവർത്തിക്കുന്നില്ല. കുടുംബശ്രീ പ്രവർത്തകർ ശേഖരിക്കുന്ന മാലിന്യം വേർതിരിച്ച് റീ-സൈക്ലിംഗിനും ടാർ നിർമ്മാണത്തിനും ബയോഗ്യാസ് ഉല്പാദനത്തിനും ഉപയോഗിക്കുന്നുണ്ട്. മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പക്കലുള്ള ഭൂമി നോട്ടിഫിക്കേഷനിലൂടെ ഗവൺമെന്റ് ഏറ്റെടുക്കേണ്ട അടിയന്തര സാഹചര്യം നിലവിലില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയോജിത പ്രോജക്ടുകൾക്ക് നേതൃത്വം നൽകുന്നതിനുപകരം പ്രസ്തുത സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരം സ്ഥാപനങ്ങളുടെ സ്പിൽ ഓവർ വർക്കുകളുടെ തുക നൽകുകയോ കുടിശ്ശികയായ ബില്ലുകൾ മാറിക്കൊടുക്കുകയോ ചെയ്യാത്തതുമൂലം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രോജക്ടുകളുൾപ്പെടെ പല പദ്ധതികളും നിർത്തിവയ്ക്കേണ്ട അവസ്ഥയാണ്. ഈ ബിൽ നിയമാനുസൃതമല്ല.

<u>ശ്രീ. പി. ഉബൈദുള്ള:</u> നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് മാലിന്യ സംസ്കരണം. പ്രാദേശികമായി മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെ ജനങ്ങളുടെ എതിർപ്പുണ്ടാകുന്ന സാഹചര്യത്തിലാണ് രണ്ട് മുനിസിപ്പാലിറ്റികൾ ചേർന്ന് മാലിന്യം ഒരു സ്ഥലത്ത് നിക്ഷേപിക്കുന്ന തരത്തിൽ മുനിസിപ്പാലിറ്റികളുടെ സ്ഥലം ഏറ്റെടുത്ത് പദ്ധതി നടപ്പാക്കാൻ പുതിയ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. വിദേശരാജ്യങ്ങളിലുള്ളതുപോലെ അത്യാധുനിക സംവിധാനങ്ങളോടുകൂടിയുള്ള വേസ്റ്റ് മാനേജ്മെന്റ് പദ്ധതികൾക്ക് രൂപം നൽകുകയും മുനിസിപ്പാലിറ്റികൾക്ക് സ്വന്തമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സഹായം നൽകുകയും ചെയ്യണം. രോഗികൾ ഉപയോഗിക്കുന്ന ഡയപ്പർ, സൈബർ മേഖലയിലെ ഇ-വേസ്റ്റുകൾ തുടങ്ങിയവ സംസ്കരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. വേസ്റ്റ് മാനേജ്മെന്റ്, സാനിട്ടേഷൻ, വാട്ടർ ട്രീറ്റ്മെന്റ് തുടങ്ങിയ പദ്ധതികൾക്ക് വേൾഡ് ബാങ്കിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തുന്നില്ല. ഗ്രാമവികസനം, നഗരവികസനം, എഞ്ചിനീയറിംഗ് വിംഗ്, നഗരാസൂത്രണം, പഞ്ചായത്ത് എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് പൊതുസർവ്വീസ്

രൂപീകരിക്കാൻ ഭേദഗതിയിലൂടെ നിർദ്ദേശിക്കുമ്പോൾ ഈ വകുപ്പുകളിലെ ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി പരിഗണിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പല നഗരസഭകളും ഹരിത കർമ്മസേന മുഖാന്തരം വീടുകളിൽനിന്നും വ്യാപാര സ്ഥാപനങ്ങളിൽനിന്നും പ്രതിമാസം നിശ്ചിത തുക യൂസർഫീ ഈടാക്കി മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നുണ്ട്. ഇന്ത്യയിലെ ആദ്യത്തെ വെളിയിട വിസർജ്ജ്യമുക്ത സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കടലിൽനിന്നുൾപ്പെടെ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിലെ പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു നിയമനിർമ്മാണം സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. രാജ്യത്ത് ആദ്യമായി ഫ്ലക്സ് നിരോധിച്ച ഒരു സംസ്ഥാനമാണ് കേരളം. പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ കപ്പുകൾ, ഡയപ്പർ

തുടങ്ങിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നാല് പ്രധാനപ്പെട്ട വകുപ്പുകൾക്കുള്ള ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഖര മാലിന്യ സംസ്കരണത്തിന് ഗവൺമെന്റ് മോഡൽ പ്ലാന്റുകൾ നിർമ്മിക്കുകയും സ്വീകാര്യമായവ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യണം. കൊച്ചി നഗരസഭയുടെ മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സമയബന്ധിതമായി പൂർത്തീകരിക്കണം. കോമൺ സർവ്വീസ് രൂപീകരിക്കുന്നതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും നടപടിയുണ്ടാകണം. പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം ലോക്കൽ ഗവൺമെന്റുകളുടെ നിലനിൽപ്പിനെ ബാധിക്കുന്നതാണ്. കഴിഞ്ഞ വർഷത്തെ ക്യൂ ബില്ലുകളുടെയും സ്പിൽ ഓവർ വർക്കുകളുടെയും പണം അധീഷണലായി കൊടുക്കുന്നതിനുപകരം ഈ വർഷത്തെ ഫണ്ടിൽനിന്നും

കൊടുക്കുന്നതിലൂടെ ഫണ്ട് കുറയുന്ന സ്ഥിതിവിശേഷമുണ്ടാകും. ജി.എസ്.ടി. വന്നതുകൊണ്ടുണ്ടായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാന നഷ്ടത്തിന് കോമ്പൻസേഷൻ നൽകാമെന്ന വാഗ്ദാനം പാലിക്കപ്പെടണം. മിക്ക നഗരസഭകളും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ പല പദ്ധതികളുടെയും പ്രവർത്തനങ്ങൾ മുടങ്ങിയിരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാകണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 48, 222, 224, 326 എന്നിവയ്ക്കുള്ള ഭേദഗതിയാണ് അവതരിപ്പിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കപ്പെട്ട സംസ്ഥാനമാണ് കേരളം. ആസൂത്രണ പ്രക്രിയയെയും അധികാര വികേന്ദ്രീകരണത്തെയും ശക്തിപ്പെടുത്താൻ സഹായിക്കുന്ന വിധത്തിൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗര ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വകുപ്പുകളുടെ ഏകോപനമാണ് ഉദ്ദേശിക്കുന്നത്. മുനിസിപ്പൽ സെക്രട്ടറിമാരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുള്ള തുകയും കൃത്യമായി സംസ്ഥാന ഖജനാവിൽ അടയ്ക്കുകവഴി

സെക്രട്ടറിമാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും മറ്റും ഉറപ്പുവരുത്താൻ കഴിയും. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ എന്ന വ്യവസ്ഥയിൽ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. ഇത് നടപ്പാക്കുന്നതിന് ഗവൺമെന്റിന് അവകാശം നൽകുന്നതിനാണ് ഭേദഗതികൾ കൊണ്ടുവന്നത്. കേരളത്തിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ഈ ഭേദഗതി അംഗീകരിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണത്തിലും ജനാധിപത്യ സ്വഭാവവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും വകുപ്പുകളുടെ ഏകോപനം അനിവാര്യമാണ്. കഴിഞ്ഞ വർഷം പദ്ധതി പണത്തിന്റെ 84.5 ശതമാനം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളിലെ പദ്ധതി പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. പറവൂർ മുനിസിപ്പാലിറ്റിയുടെ പ്രശ്നം പരിശോധിച്ച് പരിഹരിക്കുന്നതാണ്. ലൈഫ് മിഷൻ പദ്ധതി മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ലോക ബാങ്ക് വായ്പയുടെ കാര്യത്തിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) <u>2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും

തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: I move that -

"This House resolves to disapprove The Kerala Jewellery Workers' Welfare Fund (Amendment) Ordinance, 2019 (Ordinance No. 38 of 2019)."

ആഭരണത്തൊഴിലാളികളിൽനിന്നും ലഭിക്കുന്ന വിറ്റുവരവിന്റെ 0.25 ശതമാനം ക്ഷേമനിധി വരുമാനമായി സെസ്സിലൂടെ ഈടാക്കാൻ തീരുമാനിച്ചിരുന്നത് 0.1 ശതമാനമാക്കി കുറച്ചത് ഗുരുതരമായ പ്രശ്നമുളവാക്കും. ഈ മേഖലയിലെ തൊഴിലാളികൾ വളരെയധികം കഷ്ടതയനുഭവിക്കുന്നവരാണ്. ഇവർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ട് 10 വർഷമായെങ്കിലും കേവലം ഇരുപതിനായിരത്തിൽത്താഴെ തൊഴിലാളികൾ മാത്രമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ആഭരണ നിർമ്മാണത്തിൽ പ്രാവീണ്യമുള്ള ഇതരസംസ്ഥാന തൊഴിലാളികൾ തുച്ഛമായ വേതനത്തിന് ജോലി ചെയ്യാൻ തയ്യാറാകുമ്പോൾ കേരളത്തിലെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന

അവസ്ഥയാണുള്ളത്. ആഭരണ വിൽപ്പനയിൽ ഏർപ്പെടുത്തിയ 0.1% സെസ്സ് പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഈ സർക്കാർ കൊണ്ടുവന്ന പല ബില്ലുകളും തൊഴിലാളി വിരുദ്ധ ബില്ലുകളാണ്. ആഭരണ നിർമ്മാണത്തൊഴിലാളികളെ സഹായിക്കാനെന്ന വ്യാജേന അവതരിപ്പിച്ച ഭേദഗതി ബിൽ സ്വർണ്ണ-വജ്ര മേഖലയിലെ കുത്തകകളെ സഹായിക്കാൻ വേണ്ടിയുള്ളതാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും മെഷീനിൽ നിർമ്മിച്ച ആഭരണങ്ങൾ ഇവിടെ കൊണ്ടുവന്ന് വിൽക്കുന്നതിലൂടെ പരമ്പരാഗത ആഭരണ നിർമ്മാണത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. പരമ്പരാഗത ആഭരണ നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യം പരമാവധി ലഭ്യമാക്കുന്നതിനും ആഭരണ വില്പനയിലേർപ്പെടുത്തിയ 0.1% സെസ്സ് പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ആനുകൂല്യം ലഭ്യമാക്കുകയും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി <u>ശ്രീ. കെ. ബാബു</u>: 2019-ലെ കേരള

ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ 19500 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഓരോ വ്യാപാരിയും തന്റെ ഒരു വർഷത്തെ ആഭരണ വിറ്റുവരവിന്റെ 0.25% വരുന്ന തുക സെസ്സായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നും പത്തുലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റുവരവുള്ള വ്യാപാരികൾക്ക് പ്രസ്തുത വ്യവസ്ഥ ബാധകമല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള സെസ്സ് 0.1% ആയി ഭേദഗതി ചെയ്യുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ആഭരണ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ഇതുവരെ 350 പേർക്കാണ് പെൻഷൻ നൽകിയിട്ടുള്ളത്. ഒരു വർഷം 29,000 കോടി രൂപയുടെ ക്രയവിക്രയമാണ് ഈ മേഖലയിലൂടെ സംസ്ഥാനത്ത് നടക്കുന്നത്. പുതിയ ആഭരണങ്ങളുടെ വിറ്റുവരവിലൂടെ 0.1% സെസ്സ് കൃത്യമായി പിരിച്ചെടുത്താൽ ബോർഡ് തീരുമാനിക്കുന്നതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകാൻ കഴിയും.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: 2019-ലെ കേരള ആഭരണ

തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിന്റെ 2-ാം വകുപ്പ് (ആർ) ഖണ്ഡത്തിൽ "ക്രയവിക്രയങ്ങളുടെ" എന്ന വാക്കിന് പകരം "വിൽപ്പനയുടെ" എന്ന വാക്ക് ചേർക്കുന്നത് സ്വർണ്ണവ്യാപാര മേഖലയിലെ മുതലാളിമാരെ സഹായിക്കാനാണ്. പ്രധാന ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "വിറ്റുവരവിന്റെ 0.25%" എന്നതിന് പകരം "വിൽപ്പനയുടെ 0.1%" എന്ന മാറ്റം വരുത്തുന്നതിലൂടെ സ്വർണ്ണ വ്യാപാരികൾ വളരെ കുറച്ചുതുക മാത്രം അടച്ചാൽ മതിയെന്ന സ്ഥിതിയുണ്ടാകും. ഭേദഗതി ബില്ലിൽ സ്വർണ്ണവ്യാപാര മേഖലയിലെ തൊഴിലാളികൾക്ക് യാതൊരു പരിഗണനയും നൽകിയിട്ടില്ല. സമാന സ്വഭാവമുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കുന്നതിനും സർക്കാരിന്റെ തൊഴിൽ നയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നതിനും ഇതരസംസ്ഥാന തൊഴിലാളികളെക്കൂടി തൊഴിൽ നയത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ

കൊണ്ടുവന്നിരിക്കുന്നത്. ഇത് നിയമമാകുമ്പോൾ കേരളത്തിലെ ആഭരണത്തൊഴിലാളികൾക്ക് കൂടുതൽ സംരക്ഷണം ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സ്വർണ്ണവ്യാപാര മേഖലയിലെ വ്യാപാരികളും തൊഴിലാളികളുമായി അഭിപ്രായ സമന്വയം ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതി ബിൽ കൊണ്ടുവന്നത്. സെസ്സ് വിറ്റുവരവിന്റെ 0.25 ശതമാനത്തിൽനിന്നും വിൽപ്പനയുടെ 0.1 ശതമാനത്തിലേയ്ക്ക് കുറവ് വരുത്തിയതിന്റെ ഗുണഫലം തൊഴിലാളികൾക്ക് ലഭ്യമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അംശദായം വർദ്ധിപ്പിച്ചും സർക്കാർ സഹായം നൽകിയും ക്ഷേമനിധി ബോർഡുകളുടെ വരുമാനം വർദ്ധിപ്പിച്ച് അംഗങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതാണ്. ആഭരണമേഖലയിലെ യന്ത്രവൽക്കരണം തൊഴിലാളികളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച ആശ്വാസ നടപടികളാണ് കേന്ദ്ര നയങ്ങളുടെ ഭാഗമായുണ്ടായ ദുരന്തത്തിന്റെ വ്യാപ്തി കുറച്ചത്. കേരളത്തിലെ എല്ലാ തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാക്കിയതിനുശേഷമാണ് തൊഴിൽ നയം ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാ സംഘടനകൾക്കും പ്രാതിനിധ്യമുള്ള ക്ഷേമനിധി ബോർഡുകളാണ് ഇവിടെ

പ്രവർത്തിക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതി പ്രകാരം സംരക്ഷണം ഉറപ്പുവരുത്തുന്നതിനും താമസത്തിനായി മുൻ സർക്കാർ ആരംഭിച്ച അപ്നാഘർ പദ്ധതി വ്യാപിപ്പിക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ശക്തിപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ മോഡൽ സർവ്വേ നടത്തുന്നതിനും ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

## VII ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

<u>ആർ.സി.ഇ.പി. കരാർ</u>

<u>ശ്രീ. കെ. സി. ജോസഫ്</u>: "ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതോടുകൂടി കേരളത്തിന്റെയും ഇതര സംസ്ഥാനങ്ങളിലെയും ക്ഷീരമേഖലയും നാണ്യവിളകളും ഉൾപ്പെടെയുള്ള കാർഷികമേഖല, ചെറുകിട അനുബന്ധ വ്യവസായങ്ങൾ തുടങ്ങിയ രംഗങ്ങളിൽ ഉണ്ടാകാനിടയുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് കാർഷിക മേഖലയുടെ താല്പര്യ സംരക്ഷണം സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാകാതെ കരാർ ഒപ്പുവയ്ക്കരുതെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന കാര്യം ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആർ.സി.ഇ.പി. കരാറിൽ ഒപ്പുവയ്ക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം രാജ്യത്തെ കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കുന്നതാണ്. കരാർ സംബന്ധിച്ച് പാർലമെന്റിൽ ചർച്ച ചെയ്യാനോ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം തേടാനോ തയ്യാറാകാത്ത നടപടി ആശങ്കാജനകമാണ്. നോട്ടുനിരോധനവും അശാസ്ത്രീയമായ ജി.എസ്.ടി. നടപ്പാക്കലുംമൂലമുണ്ടായ തകർച്ചയിൽനിന്നും കരകയറാത്ത രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക്

ആർ.സി.ഇ.പി. കരാർ കനത്ത ആഘാതമേൽപ്പിക്കും. ഉല്പാദനച്ചെലവ് കുറഞ്ഞ രാജ്യങ്ങളിൽനിന്നും ഇറക്കുമതിച്ചുങ്കമില്ലാതെ കാർഷികോൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് സംസ്ഥാനത്തെ കാർഷികമേഖലയെ ഗുരുതരമായി ബാധിക്കും. ഈ കരാർ ഏറ്റവും ദോഷകരമായി ബാധിക്കുന്നത് ക്ഷീര-മത്സ്യബന്ധന മേഖലകളെയാണ്. കൃഷി, തൊഴിൽ, വാണിജ്യം എന്നീ മേഖലകളെ സംരക്ഷിക്കുന്നതിന് മറ്റ് സമാനചിന്താഗതിയുള്ള സംസ്ഥാനങ്ങളുമായി യോജിച്ച് ശാശ്വത തീരുമാനമെടുക്കണം. ഇന്ത്യയുടെ സാമ്പത്തിക ഭദ്രതയെ തകർക്കുന്ന ഈ കരാറിനെ ശക്തമായി എതിർത്തുകൊണ്ട് ഇതിൽനിന്ന് പിന്മാറാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. രാജ്യത്തിന്റെ സമസ്ത മേഖലകളെയും പൂർണ്ണമായി തകർക്കുന്ന ഈ കരാർ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഇത്തരം ഒരു നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാൻ പോലും കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെയാകെ തകർക്കുന്ന ഈ കരാറിനെ ശക്തമായി എതിർക്കണം. ഇന്ത്യയിലെ കർഷകരെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഈ

നയത്തിൽനിന്ന് കേന്ദ്രസർക്കാർ പിൻമാറണം.

ശ്രീ. റോജി എം. ജോൺ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ആർ.സി.ഇ.പി. കരാർ നടപ്പാക്കുന്നത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ തകർച്ചയ്ക്കും വ്യാപാരക്കമ്മി വർദ്ധിക്കുന്നതിനും ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ വിലിയിടിവിനും വൻതോതിലുള്ള തൊഴിൽ നഷ്ടത്തിനും ചെറുകിട വ്യാപാര മേഖലയുടെ തകർച്ചയ്ക്കും കാരണമാകും. ഈ കരാറിലെ വിവരങ്ങളൊന്നും പുറത്തുവിടാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. കരാർ പ്രാബല്യത്തിൽ വന്നാൽ തീരുവ ഇല്ലാതെ കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള അവസരം സംജാതമാകുകയും മത്സ്യ-ക്ഷീര മേഖലകളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. രാജ്യതാൽപ്പര്യങ്ങൾക്ക് വിരുദ്ധമായി കൊണ്ടുവരുന്ന പ്രസ്തുത കരാറിനെ ശക്തമായി എതിർക്കണം.

ശ്രീ. മുരളി പെരുനെല്ലി: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ആർ.സി.ഇ.പി. കരാർ നടപ്പാക്കുന്നത് കാർഷികമേഖലയുടെയും ചെറുകിട വ്യവസായങ്ങളുടെയും പൊതുസേവന മേഖലയുടെയും തകർച്ചയ്ക്ക് കാരണമാകും. വൻകിട കുത്തകകളെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവരുന്ന കരാർ നടപ്പിലാകുന്നതോടെ കൃഷിഭൂമി നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. ഈ

കരാറിലൂടെ സുഗന്ധവ്യഞ്ജന മേഖല, മത്സ്യബന്ധന മേഖല, കശുവണ്ടി-ക്ഷീര മേഖലകൾ തകരുന്നതിന് കാരണമാകും. ധവള വിപ്ലവത്തിന്റെ നേട്ടങ്ങൾ തകർക്കുന്നതിനുള്ള ശ്രമങ്ങളാണ് കരാറിന്റെ ഭാഗമായി കേന്ദ്രസർക്കാർ നടത്തുന്നത്. സംസ്ഥാന സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്ന ഈ കരാറിൽനിന്നും പിന്മാറുന്നതിന് കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

ശ്രീ. കെ. എൻ. എ. ഖാദർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. അന്താരാഷ്ട്ര കരാറുകൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടില്ല. ആർ.സി.ഇ.പി. കരാർ കാർഷിക-ചെറുകിട വ്യാവസായിക-ക്ഷീര-മത്സ്യബന്ധന മേഖലകളെ പ്രതികൂലമായി ബാധിക്കുന്നതും വൻതോതിലുള്ള ഉദാരവൽക്കരണത്തിന് കാരണമാകുന്നതും ധവള വിപ്ലവത്തിന്റെ നേട്ടങ്ങളെ പൂർണ്ണമായും ഇല്ലാതാക്കുന്നതുമാണ്. കരാറിലെ വ്യവസ്ഥകളെ സംബന്ധിച്ച് ചർച്ച നടത്താൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. വൻകിട കുത്തകകളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ കരാർ കൊണ്ടുവരുന്നത്. ഈ കരാറിൽ ഇന്ത്യ അംഗമാകുന്നതോടെ ഓട്ടോമൊബൈൽ-ടെക്സ്റ്റൈൽ-ചെറുകിട വ്യവസായ മേഖലകൾ കൂടുതൽ തകർച്ചയിലേയ്ക്ക് പോകും. സമ്പദ്ഘടനയെ പ്രതികൂലമായി

ബാധിക്കുന്ന ഈ കരാറിൽനിന്ന് പിൻമാറുന്നതിന് കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

ശ്രീ. മാത്യു ടി. തോമസ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേന്ദ്രസർക്കാർ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച വിശദാംശങ്ങൾ പുറത്തുവിടുകയോ പാർലമെന്റിൽ ചർച്ച നടത്തുകയോ ചെയ്തിട്ടില്ല. വ്യവസ്ഥകൾ ഉദാരമാക്കിക്കൊണ്ട് തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ ഈ കരാറിലില്ല. ഇന്ത്യ ഈ കരാറിൽ അംഗമാകുന്നതോടെ എല്ലാ ഉൽപ്പാദന മേഖലകളും തകർച്ചയിലാകുകയും വൻ സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടിവരുമെന്നുമുള്ള വസ്തുത കേന്ദ്രസർക്കാരിനെ അറിയിക്കുകയും കരാറിൽ നിന്ന് പിൻമാറുന്നതിനായി ശക്തമായ സമ്മർദ്ദം ചെലുത്തുകയും വേണം.

ശ്രീ. മോൻസ് ജോസഫ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ആർ.സി.ഇ.പി. കരാറിൽ ഒപ്പുവയ്ക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം ഇന്ത്യൻ സമ്പദ്ഘടനയുടെ തകർച്ചയ്ക്ക് കാരണമാകും. കാർഷിക സംസ്ഥാനമായ കേരളത്തിന്റെ സമ്പദ്ഘടനയെയാണ് ഈ കരാർ പ്രധാനമായി ബാധിക്കുന്നത്. ആർ.സി.ഇ.പി. സ്വതന്ത്ര വ്യാപാര കരാർ വരുന്നതിലൂടെ അവശേഷിക്കുന്ന കാർഷിക-ക്ഷീര മേഖലകൾ പൂർണ്ണമായും തകർച്ചയിലാകും. ഇന്ത്യൻ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്ന ഈ കരാറിനെതിരെ ദേശീയതലത്തിൽ ശക്തമായ

ചെറുത്തുനിൽപ്പുണ്ടാകണം. അതിനായി മറ്റ് സംസ്ഥാനങ്ങളുടെ സഹകരണത്തോടെ കൂട്ടായ പ്രതിരോധം സംഘടിപ്പിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം.

ശ്രീ. കെ. വി. വിജയദാസ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേന്ദ്രസർക്കാർ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുകയോ പാർലമെന്റിൽ ചർച്ച നടത്തുകയോ ചെയ്തിട്ടില്ല. വൻകിട കുത്തകകളെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഈ കരാറിൽ ഇന്ത്യ അംഗമാകുന്നതോടെ ക്ഷീരകർഷക മേഖലയും റബ്ബർ മേഖലയും തകർച്ചയിലാകും. ആർ.സി.ഇ.പി. കരാറിൽനിന്ന് കേന്ദ്രസർക്കാർ പിൻമാറണമെന്ന് സമ്മർദ്ദം ചെലുത്താനായി കേരളത്തിൽ ജനപങ്കാളിത്തത്തോടെ കൺവെൻഷൻ സംഘടിപ്പിച്ചത് അഭിനന്ദനാർഹമാണ്.

ശ്രീ. പി. സി. ജോർജ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരള നിയമസഭയുടെ പ്രതിഷേധമറിയിച്ചാലും കേന്ദ്രസർക്കാർ ആർ.സി.ഇ.പി. കരാർ ഒപ്പിടുമെന്ന കാര്യത്തിൽ സംശയമില്ല. ഈ കരാർ ഒപ്പുവച്ചാൽ കർഷകരെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്ന് കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യണം.

ശ്രീമതി വീണാ ജോർജ്ജ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേന്ദ്രസർക്കാർ ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതുവഴി രാജ്യത്തെ

അപകടത്തിലേയ്ക്ക് നയിക്കുകയും സാമ്പത്തിക പരമാധികാരം അടിയറ വയ്ക്കുകയും ഇറക്കുമതി തീരുവ കുറയ്ക്കുകയുമാണ് ചെയ്യുന്നത്. ഗാട്ട്-ആസിയാൻ കരാറുകളുടെ തുടർച്ചയായ ആർ.സി.ഇ.പി. കരാർ കർഷകരെ കൂടുതൽ ദുരിതത്തിലാക്കും. ആസിയാൻ കരാർ ഒപ്പിട്ടതിനുശേഷം ഇന്ത്യയിൽ ആഭ്യന്തരോത്പാദനം കുറയുകയും ഇറക്കുമതി വർദ്ധിക്കുകയും കയറ്റുമതി കുറയുകയും ചെയ്തു. ഇന്ത്യ വിദേശ രാജ്യങ്ങളുടെ വിപണിയാകുമ്പോൾ തൊഴിലില്ലായ്മയും അരാജകത്വവും ഉണ്ടാകും. ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതിലൂടെ ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉൾപ്പെടെ കൃഷി ചെയ്യപ്പെടാനും രാജ്യത്തിന്റെ നയങ്ങൾ അട്ടിമറിക്കാനും ഇടയാകുമെന്നതിനാൽ കേന്ദ്രസർക്കാർ ഈ നിലപാടിൽനിന്നും പിന്മാറണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ആർ.സി.ഇ.പി. കരാർ ഒപ്പിടാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം രാജ്യത്തെ കർഷകർക്കിടയിൽ ആശങ്കയുണ്ടാക്കുന്നു. ആസിയാൻ കരാർ ഉൾപ്പെടെ കേന്ദ്രസർക്കാരിന്റെ ഇത്തരം നിലപാടുകളിൽ പ്രതിഷേധിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. പരമ്പരാഗത വിത്ത് സംരക്ഷിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് 'വിത്ത് ബാങ്ക്' ആരംഭിച്ച നടപടി സ്വാഗതാർഹമാണ്. പാൽ ഇറക്കുമതി ചെയ്യുന്നതിലൂടെ

ക്ഷീരകർഷകരും അനുബന്ധ തൊഴിലാളികളും വഴിയാധാരമാകുന്ന സ്ഥിതിയുണ്ടാകും. ആഗോള വ്യാപാര ഉടമ്പടികൾ പുനരവലോകനത്തിനും പുന:പരിശോധനയ്ക്കും വിധേയമാക്കണം. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടും അനുകൂല നിലപാട് സ്വീകരിക്കാത്ത കേന്ദ്രസർക്കാരിന്റെ നടപടി പ്രതിഷേധാർഹമാണ്. ഫെഡറൽ സംവിധാനത്തെ തകർക്കുന്ന ഇത്തരം നടപടിക്കെതിരെ എല്ലാവരും യോജിച്ച് പ്രവർത്തിക്കുകയും ഈ കരാറിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്നാവശ്യപ്പെടുകയും ചെയ്യണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഉപക്ഷേപത്തെ പിന്താങ്ങുന്നു. രാജ്യത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചതിനുശേഷമായിരിക്കണം ആർ.സി.ഇ.പി. കരാർ ഒപ്പിടേണ്ടത്. ഈ കരാർ കാർഷിക-വ്യാവസായിക മേഖലകളെ തകർക്കുമെന്ന അഭിപ്രായമാണുള്ളത്. ദേശീയതലത്തിൽ ഈ കരാറിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കും. ഈ വിഷയം സംസ്ഥാന സർക്കാരുകളുമായി ചർച്ച ചെയ്യേണ്ടതാണ്. ഈ കരാർ ലോക വ്യാപാര മേഖലയിൽ വലിയ പ്രത്യാഘാതമുണ്ടാക്കുകയും സാമ്പത്തിക മേഖലയെ പ്രതികൂലമായി

ബാധിക്കുകയും കർഷക ആത്മഹത്യകൾ പെരുകുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്യും. ഇറക്കുമതി നിയന്ത്രിക്കുന്ന 'ആന്റി ഡംപിംഗ് ലോ' ഫലപ്രദമായി വിനിയോഗിക്കുന്നില്ല. ഇറക്കുമതി തീരുവ പൂർണ്ണമായും ഒഴിവാക്കപ്പെട്ടതും നാമമാത്രമായി ചുമത്തപ്പെട്ടതുമായ ഉൽപ്പന്നങ്ങൾ ഏതൊക്കെയാണെന്ന കാര്യത്തിൽ വ്യക്തതയില്ല. ഇറക്കുമതിയിലൂടെ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ ലഭ്യമാക്കുമ്പോൾ ചെറുകിട വ്യാവസായിക മേഖല വൻതോതിൽ പ്രതിസന്ധി നേരിടും. കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയംമൂലം റിസർവ് ബാങ്കിന്റെ കരുതൽ ധനം പോലും ചെലവഴിക്കേണ്ടിവരുന്ന ഗുരുതരമായ സാമ്പത്തിക തകർച്ചയുണ്ടായിരിക്കുകയാണ്. ബി.ജെ.പി. ഇതര സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം കോൺഗ്രസ് ഹൈക്കമാന്റ് ഇടപെട്ട് വിളിച്ചുചേർക്കണമെന്ന ആവശ്യം ഉന്നയിക്കുന്നുണ്ട്. പാർലമെന്റിൽ കോൺഗ്രസ് അംഗങ്ങളെയും യു.പി.എ. അംഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് ചെറുത്തുനിൽപ്പിന് ശ്രമിക്കുകയാണ്. ആർ.സി.ഇ.പി. കരാറിനെ കേരള നിയമസഭ ഐകകണ്ഠ്യേന എതിർക്കാൻ തീരുമാനിച്ചത് സന്തോഷകരമാണ്. ഈ കരാറിൽനിന്ന് കേന്ദ്രസർക്കാരിനെ പിന്തിരിപ്പിക്കുന്നതിന് ശക്തമായ രാഷ്ട്രീയ സമ്മർദ്ദത്തിന് മുൻകയ്യെടുക്കുന്നതാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ആർ.സി.ഇ.പി. കരാറിനെതിരെ സംഘടിപ്പിച്ച പ്രതിഷേധ സംഗമം കർഷകർക്കിടയിൽ സമരങ്ങൾക്കും പ്രതിഷേധങ്ങൾക്കും ആക്കം കൂട്ടും. ഈ കരാറിന്റെ വിശദാംശങ്ങളെക്കുറിച്ച് ചർച്ച ചെയ്യാതെയുള്ള നിഗൂഢതന്ത്രങ്ങളാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ 15 കോടിയിലധികം ജനങ്ങളും കേരളത്തിൽ 8 ലക്ഷം കുടുംബങ്ങളും ക്ഷീരമേഖലയിൽ വ്യാപൃതരാണെങ്കിലും ശരാശരി പാലുൽപ്പാദനം കുറവാണ്. ഈ കരാർ നടപ്പിലായാൽ ക്ഷീരമേഖലയുടെ തകർച്ചയും കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനും കാരണമാകും. ഇതുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടത്തി കേന്ദ്രമന്ത്രിക്കും മറ്റും കത്തുകൾ അയച്ചെങ്കിലും ഇതുവരെയും കേരളവുമായി ചർച്ച നടത്തുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. ചുങ്കം കുറച്ച് ഉൽപ്പന്നങ്ങൾ പരസ്പര കൈമാറ്റം ചെയ്യുന്നതിനാവശ്യമായ ധാരണയുണ്ടാക്കലാണ് ഇതിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്. ക്ഷീര മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന കോടിക്കണക്കിന് ജനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കേണ്ടത്. കേരളത്തിന്റെ ശക്തികേന്ദ്രമായ ക്ഷീര മേഖല തകരാൻ

പാടില്ല. ഈ കരാറിനെതിരെയുള്ള നിയമസഭയിലെ ഐക്യം ഇന്ത്യയിലാകെ വളർന്നുവരുന്ന പ്രക്ഷോഭത്തിന് ആക്കംകൂട്ടുന്നതാണ്. യാതൊരു കാരണവശാലും കേന്ദ്രസർക്കാർ ഈ കരാറിൽ ഒപ്പിടാൻ പാടില്ല. ഇന്ത്യയിലെ എല്ലാ കർഷകരുടേയും പ്രതിഷേധം ഇതിനെതിരെ ഉയർന്നുവരണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഒറ്റക്കെട്ടായി ആർ.സി.ഇ.പി. കരാറിനെ എതിർക്കണം. രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളേയും പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയത്തെക്കുറിച്ച് പാർലമെന്റിലോ മറ്റേതെങ്കിലും നിയമസഭകളിലോ ഒരു ചർച്ചയും നടത്തിയിട്ടില്ല. ഈ കരാർ ഇന്ത്യൻ സമ്പദ്ഘടനയുടെ സമസ്ത മേഖലകളേയും പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ കരാറിൽ ഒപ്പുവച്ചാൽ കേരളത്തെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്കും നിരവധി കത്തുകളയച്ചുവെങ്കിലും ഇതുവരെ യാതൊരു ചർച്ചയ്ക്കും കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. നവംബർമാസം 4-ാം തീയതി ഈ കരാറിൽ ഒപ്പുവയ്ക്കുമെന്നാണ് അറിയാൻ കഴിഞ്ഞത്. അതിന്റെ മുന്നോടിയായി കേരളത്തിലെ എല്ലാ കർഷകസംഘടനകളുമായും ജനപ്രതിനിധികളുമായും ചർച്ച നടത്തിയിരുന്നു. അതിൽ പങ്കെടുത്ത പ്രതിപക്ഷനേതാവ് സംസ്ഥാന

സർക്കാരിന്റെ നിലപാടിനോട് യോജിക്കുകയും പ്രസ്തുത കരാറിനെതിരെ കേന്ദ്രനേതൃത്വവുമായി ചർച്ച നടത്തുകയും ആർ.സി.ഇ.പി. കരാറിനെതിരെ ഏകകണ്ഠമായി പ്രമേയം പാസ്സാക്കാൻ തയ്യാറാകുകയും ചെയ്തത് അഭിനന്ദനാർഹമാണ്. കേന്ദ്രസർക്കാരിന്റെ നവലിബറൽ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുള്ള കരാറുകൾ സാധാരണ ജനങ്ങളുടെ ജീവന് ഭീഷണിയുയർത്തുന്നതാണ്. കാർഷിക ഭൂമി പൂർണ്ണമായും കോർപ്പറേറ്റുകളുടെ കയ്യിലെത്തിയാൽ കർഷകർ ജന്മിമാരുടെ കുടിയാൻമാരായി മാറുന്ന സ്ഥിതിയുണ്ടാകും. അതിന് ആക്കംകൂട്ടുന്നതാണ് ആർ.സി.ഇ.പി. കരാർ. ഈ കരാർ വരുന്നതോടുകൂടി കേരളത്തിലെ റബ്ബർ, കശുവണ്ടി, കുരുമുളക്, സുഗന്ധവിളകൾ തുടങ്ങി എല്ലാ മേഖലയും തകരും. സാമ്പത്തികവും സാമൂഹികവും വ്യാവസായികവുമായി രാജ്യത്തെ തകർച്ചയിലേയ്ക്ക് നയിക്കുന്ന കരാറിനെതിരെയുള്ള ഈ പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ കെ. കൃഷ്ണൻകുട്ടി): വൻകിട/ചെറുകിട മേഖലകളിൽ മാളുകളും റീടെയിൽ വ്യാപാര ശൃംഖലകളുമുൾപ്പെടെ വിദേശ കമ്പനികളുടെ കടന്നുവരവ് ആഭ്യന്തര മേഖലയെ തകർക്കും. പലചരക്കുവ്യാപാരവും ഗ്രാമചന്തകളും അന്യമാകും. കരാറിന്റെ ഭാഗമായി

അംഗരാജ്യങ്ങൾക്ക് ഡാറ്റ കൈമാറേണ്ട സാഹചര്യമുണ്ടാകും. വ്യവഹാരതർക്കങ്ങളിൽ ഇന്ത്യൻ നിയമങ്ങൾ ബാധകമല്ലാതാകും.

## ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് പ്രമേയം അവതരിപ്പിക്കുന്നു.

"ഇന്ത്യൻ പാർലമെന്റിൽ ചർച്ച ചെയ്യാതെയും സംസ്ഥാനങ്ങളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുക്കാതെയും മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ (ആർ.സി.ഇ.പി) ഒപ്പുവെക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം രാജ്യത്താകെ വലിയ ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒരു വിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകിവന്നാൽ നമ്മുടെ കാർഷിക മേഖലയും ചെറുകിട വ്യവസായ മേഖലയും ക്ഷീര-മത്സ്യബന്ധന മേഖലകളും ആരോഗ്യമേഖലയും വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയുമായിരിക്കും ഈ കരാറിന്റെ ഫലമെന്ന് വ്യക്തമാണ്.

നവ ഉദാരവത്കരണത്തിന്റെ ഭാഗമായുള്ള ഇന്ത്യ-ആസിയാൻ കരാർ

നിലനിൽക്കെയാണ് ആസിയാനും അവരുടെ വ്യാപാര പങ്കാളികളായ ചൈന, തെക്കൻ കൊറിയ, ജപ്പാൻ, ഓസ്ട്രേലിയ, ന്യൂസിലന്റ് എന്നീ രാജ്യങ്ങളും ഉൾപ്പെടുന്ന മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ അംഗമാകുന്നത് ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തുകയേയുള്ളൂ.

ദീർഘകാല തോട്ടവിളകളായ റബ്ബർ, കാപ്പി, തേയില എന്നിവയും കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജന വിളകളും സ്വതന്ത്ര വ്യാപാര കരാറുകൾമൂലമുള്ള അനിയന്ത്രിത ഇറക്കുമതി കാരണം ആഭ്യന്തര വിപണിയിൽ വിലയിടിവ് നേരിടുകയാണ്. ഇപ്പോൾത്തന്നെ പാംഓയിലിന്റെ ഇറക്കുമതി വെളിച്ചെണ്ണയുടെയും നാളികേര ഉൽപ്പന്നങ്ങളുടെയും വിലയിടിവിന് പ്രധാന കാരണമായിട്ടുണ്ട്. ആർ.സി.ഇ.പി.യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മത്സരത്തെയും വൻ വിലത്തകർച്ചയെയും നേരിടേണ്ടിവരും.

ന്യൂസിലന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. കാർഷികരംഗത്ത് വിലത്തകർച്ച ഉണ്ടായപ്പോൾ കർഷകരെ ഒരു പരിധിവരെ

സംരക്ഷിച്ചത് ക്ഷീര മേഖലയാണ്. അനിയന്ത്രിതമായ പാൽ, പാലുൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമെന്ന ആശങ്ക തികച്ചും ന്യായമാണ്.

ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിലെത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.

കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യസാധന മേഖലയിലും അനിയന്ത്രിത വിലക്കയറ്റമുണ്ടാകും.

ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യമുണ്ടായാൽ, അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവുമില്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാകും.

ആസിയാൻ രാജ്യങ്ങളിലെയും ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലെയും ബഹുരാഷ്ട്ര കുത്തകകൾ ആർ.സി.ഇ.പി. സ്വതന്ത്ര വ്യാപാര

കരാറിന്റെ മറവിൽ നമ്മുടെ ചെറുകിട വ്യാപാരരംഗം തകർക്കുമെന്നുറപ്പാണ്. ഈ പ്രത്യാഘാതങ്ങൾ നമ്മുടെ രാജ്യത്തിന് താങ്ങാനാവില്ല.

അതിനാൽ, രാജ്യത്തിന്റെ വിശാലമായ താൽപ്പര്യവും ഭാവിയും കണക്കിലെടുത്ത് ആർ.സി.ഇ.പി കരാറിൽ ഒപ്പുവെക്കാനുള്ള തീരുമാനത്തിൽ നിന്ന് കേന്ദ്രസർക്കാർ പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.''

സബ്സ്റ്റാന്റീവ് പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

സഭ രാത്രി 07.12-ന് പിരിഞ്ഞു.